"ഭരണഭാഷ - മാതൃഭാഷ"

നം:എൻ.2/13491/2025/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 24-06-2026

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പ്- നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് 2026-27 -ഓൺലൈൻ അപേക്ഷ സമർപ്പണം - സംബന്ധിച്ച്

സൂചന :- കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 03-06-2026 തീയതിയിലെ F. No. 2-2/2026-NMMSS നമ്പർ കത്ത്

*****

2026-27 അധ്യയന വർഷത്തേക്കുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനായി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ 01/06/2026-ന് തുറന്നിട്ടുണ്ട്. കേന്ദ്ര മാനവശേഷി വികസന വകുപ്പ് ആവിഷ്കരിച്ച് സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കുന്ന നാഷണൽ മീൻസ് മെരിറ്റ് സ്കോളർഷിപ്പ് പദ്ധതിയിലേക്കുള്ള 2026-27 അധ്യയന വർഷത്തെ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 31/08/2026 ആണ് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി. സ്കൂൾ നോഡൽ ഓഫീസർ അപേക്ഷകൾ 15/09/2026 തീയതിയ്ക്കുള്ളിൽ വെരിഫൈ ചെയ്യേണ്ടതാണ്. സ്കൂൾ നോഡൽ ഓഫീസർ വെരിഫൈ ചെയ്ത അപേക്ഷകൾ 30/09/2026-നുള്ളിൽ ജില്ലാ നോഡൽ ഓഫീസർ വെരിഫൈ ചെയ്യേണ്ടതാണ്.

2024-25 വർഷം മുതൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഒറ്റത്തവണ രജിസ്ട്രേഷൻ(OTR) ചെയ്തവർക്കു മാത്രമേ സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കുവാൻസാധിക്കുകയുള്ളു. ഒറ്റത്തവണ രജിസ്ട്രേഷൻ(OTR) ചെയ്യുന്നതു സംബന്ധിച്ച് സർക്കുലർ എല്ലാ ഡി.ഡി.ഇ മാർക്കും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ എല്ലാ അംഗീകൃത വിദ്യാലയങ്ങളും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ(NSP) ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസറുടെ(INO) eKYC-യും ആധാർ ആതന്റിക്കേഷനും വെരിഫൈ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഈ അധ്യയന വർഷത്തിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്നവരും 2026-27 വർഷത്തെ നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് പരീക്ഷയിലൂടെ തിരഞ്ഞെടുക്കപ്പെട്ടതുമായ 3473 കുട്ടികൾക്കാണ് നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിനുള്ള ഫ്രഷ് അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നത്. ഈ അധ്യയന വർഷത്തിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ 10, +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവരും 2025-26 വർഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ(NSP) മുഖേന നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുമായ കുട്ടികൾക്ക് നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിനുള്ള റിന്യൂവൽ അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതാണ്.

**2026-27 അധ്യയന വർഷത്തേക്കായി NSP-യിൽ പ്രധാന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.**

i. വിദ്യാർത്ഥികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ഒരു മെറിറ്റ് (Merit) വിഭാഗത്തിലുള്ള പദ്ധതിയും ഒന്നോ അതിലധികമോ വെൽഫെയർ (Welfare) വിഭാഗത്തിലുള്ള പദ്ധതികളും പ്രയോജനപ്പെടുത്താൻ സാധിക്കുന്ന തരത്തിൽ സ്കോളർഷിപ്പ് പദ്ധതികളെ മെറിറ്റ് അധിഷ്ഠിതവും വെൽഫെയർ അധിഷ്ഠിതവുമായി തരംതിരിക്കുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ii. ഒരു അപേക്ഷ സമർപ്പിച്ചതിന് ശേഷം മറ്റൊരു അപേക്ഷ സമർപ്പിക്കുമ്പോൾ മുൻപ് നൽകിയ വിവരങ്ങൾ സ്വയമേവ പൂരിപ്പിക്കപ്പെടുന്ന (Auto-population) തരത്തിൽ അപേക്ഷാ സമർപ്പണ പ്രക്രിയയിൽ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.

i. ഫീസ് സംബന്ധമായ വിവരങ്ങൾ ഒരുതവണ മാത്രം രേഖപ്പെടുത്തുകയും, തുടർന്ന് സമർപ്പിക്കുന്ന അപേക്ഷകളിൽ അവ സ്വയമേവ പൂരിപ്പിക്കപ്പെടുകയും (തിരുത്താനാകാത്ത വിധത്തിൽ) ചെയ്യും.

ii. നോഡൽ ഓഫീസർമാർക്ക് അപേക്ഷകളുടെ നിരീക്ഷണവും പിന്തുടർച്ചയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വിദ്യാർത്ഥി (OTR) അടിസ്ഥാനത്തിലുള്ള ഏകീകൃത അപേക്ഷാ ദൃശ്യം (Consolidated View) ലഭ്യമാക്കിയിട്ടുണ്ട്.

iii. പദ്ധതി (Scheme) വിഭാഗം അടിസ്ഥാനമാക്കി അപേക്ഷകൾ പ്രോസസ്സ് ചെയ്യാൻ സാധിക്കുന്ന തരത്തിൽ ഡി-ഡ്യൂപ്ലിക്കേഷൻ (De-duplication) സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

iv. അപേക്ഷകൾ നിരസിക്കുന്നതിനും (Rejection) അപാകതയുള്ളവയായി (Defective) അടയാളപ്പെടുത്തുന്നതിനുമായി ഏകീകൃത/സ്റ്റാൻഡേർഡ് കാരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ചുവടെ ചേർക്കുന്നു:**

1. സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കുവാനായി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ(https://scholarships.gov.in/)-ലെ **Students** എന്ന സെക്ഷനിൽ പ്രവേശിക്കേണ്ടതാണ്.

2. **Students** സെക്ഷന്റെ ഡാഷ്ബോർഡിൽ കാണിക്കുന്ന **Apply for Scholarship** എന്ന മെനുവിനു കീഴിലുള്ള **Login** ലിങ്കിലൂടെ കട്ടിയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള ലോഗിൻ പേജിൽ പ്രവേശിക്കാം.

3. **Login** പേജിലെ **Student Login Tips** വായിച്ച് മനസ്സിലാക്കിയശേഷം ഒറ്റത്തവണ രജിസ്ട്രേഷൻ നമ്പരും ഒറ്റത്തവണ രജിസ്ട്രേഷൻ വേളയിൽ ജനറേറ്റ് ചെയ്ത പാസ്സ് വേഡും നൽകി ലോഗിൻ ചെയ്യാവുന്നതാണ്.

4. **Basic Information** വിഭാഗത്തിലേക്ക് പ്രവേശിക്കുക.

   താഴെപ്പറയുന്ന വിഭാഗങ്ങളിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുക:

   I. പൊതുവിവരങ്ങൾ (General Information)
   II. അക്കാദമിക് വിവരങ്ങൾ (Academic Details)
   III. അപേക്ഷാ-നിർദ്ദിഷ്ട വിവരങ്ങൾ (Application Specific Details)

5. 2026-27 വർഷത്തിൽ ഫ്രെഷ് ആപ്ലിക്കേഷൻ സമർപ്പിക്കുന്നതിന് Basic Information സമർപ്പിച്ച ശേഷം **Apply Fresh** മെനുവിലേക്ക് പോകുക. മാർഗനിർദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച്,



File No. DGE/13491/2025-N2 (Computer No. 1512683)
Generated from eOffice by BIVIN LAL K R, N2 DGE, N2 DGE, DIRECTORATE OF GENERAL EDUCATION on 04/07/2026 01:46 PM

നിബന്ധനകൾ അംഗീകരിക്കുന്നതിനായി അനുബന്ധ ചെക്ക് ബോക്സുകളിൽ ടിക്ക് ചെയ്ത് **Continue** ബട്ടണിൽ ക്ലിക്ക് ചെയ്യുക.

6. ഡ്രോപ്പ്-ഡൗൺ മെനുവിൽ നിന്ന് Scholarship (സ്കോളർഷിപ്പ്) വിഭാഗം തിരഞ്ഞെടുക്കേണ്ടതാണ്.

7. **Apply** ബട്ടണിൽ ക്ലിക്ക് ചെയ്ത് അപേക്ഷാ ഐഡി (Application ID) സൃഷ്ടിക്കുക. തുടർന്ന് സൃഷ്ടിച്ച അപേക്ഷാ ഐഡിയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന **My Applications** പേജിലേക്ക് പ്രവേശിപ്പിക്കപ്പെടും.

8. **My Applications** പേജിൽ അപേക്ഷാ ഐഡിക്കെതിരെ നൽകിയിരിക്കുന്ന **Proceed** ബട്ടണിൽ ക്ലിക്ക് ചെയ്യുക.

9. **Fill/Edit Application Form** എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.

10. മുമ്പ് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ പദ്ധതികളുടെ (Schemes) പട്ടിക പ്രദർശിപ്പിക്കപ്പെടും.

11. ആവശ്യമായ പദ്ധതി പട്ടികയിൽ നിന്ന് തിരഞ്ഞെടുക്കുക. തുടർന്ന് ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്ത് **Final Submit** ബട്ടണിൽ ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിക്കുക.

12. 2026-27 വർഷത്തിൽ **Renewal** ആപ്ലിക്കേഷൻ സമർപ്പിക്കുന്നതിന് **NSP** പോർ ട്ടലിൽ **Login** ചെ്തശേഷം Navigation മെനുവിൽ നിന്നും **Renewal Application** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

13. 2026-27 അധ്യയന വർഷം മുതൽ ദേശീയ സ്കോളർഷിപ്പ് പോർട്ടലിൽ (NSP) വിദ്യാർത്ഥികൾക്ക് ഒന്നിലധികം സ്കോളർഷിപ്പ് പദ്ധതികൾക്കായി അപേക്ഷിക്കാവുന്നതാണ്. എന്നാൽ താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും:

i. ഒരു അധ്യയന വർഷത്തിൽ (പുതിയ അപേക്ഷകളും പുതുക്കൽ അപേക്ഷകളും ഉൾപ്പെടെ) ഒരു **മെറിറ്റ് അധിഷ്ഠിത (Merit-based)** സ്കോളർഷിപ്പ് പദ്ധതിക്കു മാത്രമേ അപേക്ഷിക്കാൻ സാധിക്കൂ.

ii. അർഹതയുള്ള വിദ്യാർത്ഥികൾക്ക് ഒന്നിലധികം **വെൽഫെയർ അധിഷ്ഠിത (Welfare-based)** സ്കോളർഷിപ്പ് പദ്ധതികൾക്കായി അപേക്ഷിക്കാവുന്നതാണ്.

iii. മെറിറ്റ് അധിഷ്ഠിതവും വെൽഫെയർ അധിഷ്ഠിതവുമായി പദ്ധതികളുടെ വർഗ്ഗീകരണം സ്കോളർഷിപ്പ് പോർട്ടലിന്റെ ഹോം പേജിലുള്ള **"Schemes on NSP"** എന്ന ഓപ്ഷനിൽ ലഭ്യമാണ്.

iv. പുതിയ ഒരു സ്കോളർഷിപ്പ് പദ്ധതിക്കായി അപേക്ഷിക്കുന്നതിന് **Apply Fresh** മെനു ഉപയോഗിച്ച് പുതിയ ഒരു Application ID സൃഷ്ടിക്കേണ്ടതാണ്.

14. കുട്ടി/രക്ഷിതാവ് ആവശ്യമായ എല്ലാ വിവരങ്ങളും വളരെ ശ്രദ്ധാപൂർവ്വം പൂരിപ്പിച്ച ശേഷം നൽകിയ വിവരങ്ങളെല്ലാം ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ. അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കാനുള്ള സാധ്യത കൂടുതലാണ്. അപേക്ഷ സമർപ്പിച്ച ശേഷം

തെറ്റുകൾ തിരുത്തുവാൻ സാധിക്കുന്നതല്ല.

15. ഒറ്റത്തവണ രജിസ്ട്രേഷൻ വേളയിൽ നൽകിയ ആധാറിലെ ജനസംഖ്യാപരമായ വിവരങ്ങൾ (പേര്, ജനന തീയതി, ലിംഗഭേദം, തുടങ്ങിയവ) ഓട്ടോമാറ്റിക് ആയി അപേക്ഷ പേജിലേക്ക് വരുന്നതാണ്. കുട്ടിയുടെ ജനസംഖ്യാപരമായ വിവരങ്ങൾ (പേര്, ജനന തീയതി, ലിംഗഭേദം, തുടങ്ങിയവ) എന്തെങ്കിലും മാറ്റേണ്ടതുണ്ടെങ്കിൽ ആദ്യം ആധാറിൽ മാറ്റേണ്ടതാണ്. തുടർന്ന് ഒറ്റത്തവണ രജിസ്ട്രേഷന്റെ ഭാഗമായുള്ള eKYC പ്രക്രിയ വീണ്ടും ചെയ്തതിനു ശേഷമേ അപേക്ഷ പൂരിപ്പിക്കാവൂ. ആധാറിനു പകരം എൻറോൾമെന്റ് ഐഡി(EID) നൽകിയിട്ടുള്ളവർ, ഒരു മാസത്തിനകം ആധാർ നമ്പർ ലഭ്യമാക്കേണ്ടതാണ്.

16. കുട്ടികൾ അപേക്ഷയോടൊപ്പം ശരിയായുള്ളതും ആക്ടീവ് ആയിട്ടുള്ളതുമായ മൊബൈൽ നമ്പരും ഇ-മെയിൽ വിലാസവും സമർപ്പിക്കേണ്ടതാണ്. സ്കോളർഷിപ്പ് സംബന്ധമായ സന്ദേശങ്ങളെല്ലം ഇതുവഴിയായിരിക്കും കുട്ടിക്ക് ലഭിക്കുക. മാത്രമല്ല, പ്രസ്തുത സ്കോളർഷിപ്പ് തുക ലഭിക്കുന്നതിന് നൽകുന്ന ബാങ്ക് അക്കൗണ്ട് റീവാലിഡേഷൻ നടപടികളുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ഇപ്രകാരം നൽകുന്ന മൊബൈൽ ഫോൺ നമ്പറിലേക്ക് (എസ്.എം.എസ്.) അയക്കുമെന്നതിനാൽ, ആയത് മാറ്റാതിരിക്കേണ്ടതും, ലഭിക്കുന്ന മെസേജുകളിൽ (എസ്.എം.എസ്) ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

17. Aadhaar Payment Bridge(APB) എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് സ്കോളർഷിപ്പ് തുക കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നത്. ഇതിനായി കുട്ടിയുടെ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ആധാർ നമ്പരുപയോഗിച്ച് സീഡ് ചെയ്ത ബാങ്ക് അക്കൗണ്ട് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

18. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന എല്ലാ രേഖകളും പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ അനുശാസിക്കുന്ന പ്രകാരമായിരിക്കണം. ആയതിനാൽ പ്രസ്തുത സ്കോളർഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട യോഗ്യത മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും മനസ്സിലാക്കിയിരിക്കേണ്ടതാണ്.

19. State of Domicile എന്നാൽ കുട്ടിയുടെ സ്ഥിരമായ മേൽവിലാസം ഏത് സംസ്ഥാനത്താണ് എന്നതാണ്.

20. Scholarship Category-ൽ 9, 10 ക്ലാസ്സുകളിലെ കുട്ടികൾ Pre-matric Scholarship Scheme-ലും +1, +2, ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ തുടങ്ങിയവർ Post-matric Scholarship Scheme-ലും ആണ് ഉൾപ്പെടുന്നത്.

21. എൻ.എം.എം.എസ്. സ്കോളർഷിപ്പ് പരീക്ഷ എഴുതി യോഗ്യരായ കുട്ടികൾക്ക് തുടർന്ന് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി അപേക്ഷ (ഫ്രഷ്/റിന്യൂവൽ) സമർപ്പിക്കുന്നതിന് വരുമാന പരിധി പരിഗണിക്കേണ്ടതില്ല. (എന്നാൽ പ്രസ്തുത സ്കോളർഷിപ്പ് പരീക്ഷ എഴുതുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാന പരിധിയായ 3.5 ലക്ഷം രൂപ എന്നതിൽ മാറ്റമില്ലാതെ തുടരുന്നതാണ്).

22. എൻ.എം.എം.എസ്. സ്കോളർഷിപ്പ് പദ്ധതി പ്രകാരം 9, 10, +1, +2 ക്ലാസുകളിൽ പഠിക്കുന്ന അവസരത്തിൽ (ഫ്രഷ്/റിന്യൂവൽ അപേക്ഷകർക്ക്) പ്രതിവർഷം ₹12,000/- രൂപ (പന്ത്രണ്ടായിരം രൂപ) വീതം സ്കോളർഷിപ്പ് തുക ലഭിക്കുന്നതാണ്. ഓൺലൈനായി നൽകുന്ന അപേക്ഷയിലെ



File No. DGE/13491/2025-N2 (Computer No. 1512683)
Generated from eOffice by BIVIN LAL K R, N2 DGE, N2 DGE, DIRECTORATE OF GENERAL EDUCATION on 04/07/2026 01:46 PM

വിവരങ്ങൾ അപൂർണ്ണവും, അവ്യക്തവും തെറ്റായതുമാണെങ്കിൽ സ്കോളർഷിപ്പ് തുക നഷ്ടപ്പെടാനിടയുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കുക.

23. എൻ.എം.എസ്.എസ്. സ്കോളർഷിപ്പിനുള്ള ഫ്രഷ്/റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്ന (IX, X XII ക്ലാസുകളിൽ പഠിക്കുന്ന) കുട്ടികൾ, മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ അടുത്ത ക്ലാസിലേക്ക് പ്രവേശിക്കുന്നതിനുള്ള യോഗ്യത നേടിയിരിക്കേണ്ടതാണ്. എന്നാൽ (പത്താം ക്ലാസ് പരീക്ഷ വിജയിച്ച് ) പ്ലസ് വൺ (XI) ക്ലാസിൽ പ്രവേശിച്ച ശേഷം എൻ.എം.എസ്.എസ്. സ്കോളർഷിപ്പിന് റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾക്ക് X-ആം ക്ലാസിൽ വാർഷിക പരീക്ഷക്ക് 60% മാർക്ക് ഉണ്ടായിരിക്കേണ്ടതാണ്. ആയതിൽ എസ്.സി./എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് 5% മാർക്കിളവ് അനുവദിച്ചിട്ടുണ്ട്.

a. പത്താം ക്ലാസ് പരീക്ഷ വിജയിച്ച് പ്ലസ് വൺ ക്ലാസിൽ പ്രവേശിച്ച ശേഷം എൻ.എം.എസ്.എസ്. സ്കോളർഷിപ്പിന് റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്ന കുട്ടികളുടെ മാർക്കിന്റെ ശതമാനം (എസ്.എസ്.എൽ.സി. പരീക്ഷക്ക് ഓരോ വിഷയങ്ങൾക്കും ലഭിച്ച ഗ്രേഡിന്) ചുവടെ ചേർക്കും പ്രകാരമുള്ള ഗ്രേഡ് പോയിന്റിന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്.

| Grade | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| Grade Point | 9 | 8 | 7 | 6 | 5 | 4 | 3 |

മേൽ പട്ടിക പ്രകാരം, ഓരോ വിഷയങ്ങൾക്കും ഗ്രേഡ് പോയിന്റുകൾ നൽകിയ ശേഷം, ആയതിന്റെ ആകെ തുക (Total Grade Point) കണക്കാക്കുക. തുടർന്ന് Total Grade Point (T.G.P) -നെ താഴെ പറയും പ്രകാരം, ശതമാനത്തിലേക്ക് (മാർക്കിന്റെ ശതമാനം = (T.G.P x100)/90) മാറ്റുക. ഇപ്രകാരം ലഭിക്കുന്ന നിശ്ചിത ശതമാനം കുറഞ്ഞത് അറുപത് (60%) ആണെങ്കിൽ എൻ.എം.എസ്.എസ്. സ്കോളർഷിപ്പിന് യോഗ്യതയുള്ളവരായി പരിഗണിക്കുന്നതാണ്. എസ്.സി./ എസ്.റ്റി വിഭാഗങ്ങൾക്ക് 55% മതിയാകും.

24. എൻ.എം.എം.എസ് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുള്ള XI-ആം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ സ്കൂൾ ലെവൽ വെരിഫിക്കേഷൻ നടത്തുന്നതിന് , സ്കൂൾ മേധാവി എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ആയത് സമർപ്പിക്കേണ്ടതാണ്.

25. പ്രസ്തുത സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ സ്കൂൾ തലത്തിൽ ലഭിക്കുന്ന ക്രമത്തിൽ, പ്രഥമാദ്ധ്യാപകർ/ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ ഇതിലേക്കുള്ള വ്യവസ്ഥകൾക്ക് വിധേയമായി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) വഴി ഓൺലൈനായി സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതാണ്. യഥാസമയം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം പ്രസ്തുത അപേക്ഷകളുടെ വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കാതിരുന്നാൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നഷ്ടമാകുമെന്നതിനാൽ, നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ സ്കൂൾ ലോഗിനിൽ ഇതിലേക്കുള്ള അപേക്ഷകൾ ലഭ്യമാകുന്ന ക്രമത്തിൽ തന്നെ വെരിഫിക്കേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

26. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം അപേക്ഷകൾ, **ഇൻസ്റ്റിറ്റ്യൂട്ട് തലത്തിൽ**

<u>**ഓൺലൈനായി വെരിഫിക്കേഷൻ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി 2026 സെപ്റ്റംബർ 15 വരെയാണ്.**</u> ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലുള്ള വെരിഫിക്കേഷൻ പൂർത്തിയാക്കുന്ന അപേക്ഷകൾ <u>**ജില്ലാ തലത്തിൽ (DNO) വെരിഫൈ ചെയ്യുന്നതിനുള്ള സമയപരിധി 2026 സെപ്റ്റംബർ 30**</u> **വരെയാണ്.**

27. 2026-27 അക്കാദമിക് വർഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുമ്പോൾ ക്ലാസുകൾ ആരംഭിച്ച തീയതി 01/06/2026 എന്ന് നൽകാവുന്നതാണ്.

28. സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ എന്നിവിടങ്ങളിൽ റെഗുലർ വിദ്യാർത്ഥികളായി പഠനം നടത്തുന്നവർക്ക് മാത്രമാണ് എൻ.എം.എം.എസ് സ്കോളർഷിപ്പിന് അർഹതയുള്ളത്. എന്നാൽ കേന്ദ്രീയ വിദ്യാലയം, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, അൺ എയ്ഡഡ് സ്കൂളുകൾ, പ്രൈവറ്റ് സ്കൂളുകൾ എന്നിവിടങ്ങളിലേക്ക് മാറ്റം നേടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പിനുള്ള അവസരം നഷ്ടപ്പെടുന്നതാണ്. കൂടാതെ, ഡിപ്ലോമ/സർട്ടിഫിക്കേറ്റ് കോഴ്സിൽ ചേർന്ന് പഠിക്കുകയാണെങ്കിൽ/ വിദേശത്ത് പഠനം തുടരുന്ന സാഹചര്യത്തിൽ, പ്രസ്തുത സ്കോളർഷിപ്പിനുള്ള അവസരം നഷ്ടപ്പെടുന്നതാണ്.

29. എൻ.എം.എം.എസ് സ്കോളർഷിപ്പ് ഉൾപ്പടെയുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായങ്ങൾ/ സൗകര്യങ്ങൾ നൽകുന്നതിന് സ്കൂളുകൾ യാതൊരു വിധത്തിലുള്ള ഫീസുകളോ/സംഭാവനകളോ ഈടാക്കുവാൻ പാടുള്ളതല്ല.

30. മേൽ പ്രകാരമുള്ള വിവരങ്ങൾ വിദ്യാർത്ഥികളുടെ ശ്രദ്ധയിൽ വരത്തക്കരീതിയിൽ അറിയിപ്പ് നൽകുന്നതിന് പ്രധാനാധ്യാപകർ/ വിദ്യാഭ്യാസ ഓഫീസർമാർ ഉചിത മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വി വരങ്ങൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ **0471-3567564** എന്ന ഫോൺ നമ്പർ മുഖേനയോ, **dgescholarship@gmail.com** എന്ന ഇ-മെയിലിലൂടെയോ ബന്ധപ്പെടാവുന്നതാണ്.

**പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ (അക്കാദമിക്)**

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും
3. എല്ലാ ഗവ./എയ്ഡഡ് ഹൈസ്കൂൾ പ്രധാനാദ്ധ്യാപകരും (വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)
4. എല്ലാ ഗവ./എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾമാരും (റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്:

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)



File No. DGE/13491/2025-N2 (Computer No. 1512683)
Generated from eOffice by BIVIN LAL K R, N2 DGE, N2 DGE, DIRECTORATE OF GENERAL EDUCATION on 04/07/2026 01:46 PM